17 (2202) വിജിലൻസ് കേസ്സുകൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അവ ഏതെല്ലാം;

(ബി) ഇതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ട്; അന്വേഷണത്തിൽ ഇരിക്കുന്നവ എത്ര;

(സി) പത്തനംതിട്ട അബ്കാരി, ഹവാല കേസ്സ് പോലീസിലെ ഏതു വിഭാഗമാണ് അന്വേഷിക്കുന്നത്;

(ഡി) ഈ കേസ്സ് എന്നാണ് രജിസ്റ്റർ ചെയ്തത്;

(ഇ) ഇതിലെ എഫ്.ഐ.ആർ. അനുസരിച്ചുള്ള പ്രതികൾ ആരെല്ലാം;

(എഫ്)ഈ കേസ്സ് ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിച്ചുവോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) 494 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ 131 കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. 441 കേസ്സുകൾ ഇപ്പോൾ അന്വേഷണത്തിലാണ്.

(സി) ക്രൈംബ്രാഞ്ച് ആണ് അന്വേഷിക്കുന്നത്.

(ഡി) 19.6.'97 ലാണ് രജിസ്റ്റർ ചെയ്തത്.

(ഇ) സുരേന്ദ്രൻ, കിഷോർ, ഷാഫി, ബാനർജി, രാജൻ, വിനോദ്, രാജേഷ്, രാമദാസ്, ശാന്തൻ എന്നിവരാണ് എഫ്.ഐ.ആർ. അനുസരിച്ച് പ്രതികൾ.

(എഫ്) കേസ്സന്വേഷണം അന്തിമഘട്ടത്തിലാണ്.

18 (2203) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-വയലാർ സമരം സ്വാതന്ത്ര്യസമരമായി കേന്ദ്ര സർക്കാർ എപ്പോഴാണ് അംഗീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പുന്നപ്ര-വയലാർ സമരത്തോടൊപ്പം സ്വാത ന്ത്ര്യസമരങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച മറ്റ് സ്വാതന്ത്ര്യ സമരങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടന്നതും കേന്ദ്ര സർക്കാർ അംഗീകരിച്ചതു മായ വിവിധ സ്വാതന്ത്ര്യ സമരങ്ങളിൽ പങ്കെടുത്തവരിൽ ഇന്നു ജീവിച്ചിരിപ്പു ള്ളവർ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) വിവിധ സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനികൾക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടു ള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പുന്നപ്ര -വയലാർ സമരത്തിൽ പങ്കെടുത്ത എല്ലാ സ്വാതന്ത്ര്യ സമരസേനാനികൾക്കും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചി ട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) മൊറാഴ, കാവുംപായി, പുന്നപ്ര-വയലാർ എന്നീ സ്വാതന്ത്ര്യ സമരങ്ങളിൽ പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള കേന്ദ്ര സർക്കാർ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചതായി സർക്കാരിന് അറിവുണ്ടോ?

ഉത്തരം

(എ) 20.1.98 ൽ

(ബി) പുന്നപ്ര-വയലാർ സമരത്തോടൊപ്പം കയ്യൂർ, കാവുംപായി, കരിവെള്ളൂർ, മൊറാഴ, മലബാർ സ്പെഷ്യൽ പോലീസ് സമരം എന്നീ സമര ങ്ങളും കേന്ദ്ര സർക്കാർ സ്വാതന്ത്ര്യസമരങ്ങളായി അംഗീകരിച്ചു.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) 1) സ്വാതന്ത്ര്യസമര സേനാനികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പെൻഷൻ നൽകിവരുന്നു.

2) കേന്ദ്ര പെൻഷൻകാർക്ക് റെയിൽവേ പാസും, ടെലിഫോൺ, പാച കവാതക കണക്ഷനുകൾക്ക് മുൻഗണനയും നൽകുന്നുണ്ട്.

3) സംസ്ഥാന പെൻഷൻകാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാസൗജന്യം നൽകുന്നുണ്ട്.

4) സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചെലവുകൾക്ക് ആയിരം രൂപ ധനസഹായം നൽകുന്നു.

5) സർക്കാർ ആശുപത്രികളിൽ ഇവർക്കും ആശ്രിതർക്കും സൗജന്യ ചികിത്സയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റും അനുവദിച്ചിട്ടുണ്ട്.

6) സ്വാതന്ത്ര്യസമര സേനാനികളുടെ ഉദ്യോഗസ്ഥരായ മക്കൾക്ക്/ ഭാര്യയ്ക്ക് സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റത്തിന് മുൻഗണന നൽകുന്നു.

7) ഭവനനിർമ്മാണ ബോർഡിന്റെ മൈത്രി പദ്ധതിപ്രകാരം സേനാനി കൾക്ക് 28,000/-രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

8) വാർഷിക വരുമാനം 15,000/- രൂപയിൽ താഴെയുള്ള സ്വാതന്ത്ര്യ സമരസേനാനികളുടെ മക്കൾക്ക് കോളേജ് തലത്തിൽ സൗജന്യ വിദ്യാഭ്യാ സവും നൽകുന്നുണ്ട്.

406/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുവരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്കെല്ലാം സംസ്ഥാന പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(എഫ്) വിവരം ലഭ്യമായിട്ടില്ല.

19 (2204) സൈനികരുടെ ആശ്രിതർക്കുള്ള നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിൽ ഏർപ്പെട്ടിരിക്കവെ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതനിയമനത്തിനായി എത്ര അപേക്ഷകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സൈനികക്ഷേമ വകുപ്പ് ഇത്തരത്തിലുള്ളവരുടെ ആശ്രിതരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) ആശ്രിത നിയമനത്തിന് കാലതാമസം വരുന്നതായ പരാതികൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആശ്രിതർക്ക് കേന്ദ്രസർവ്വീസിലാണോ അതോ സംസ്ഥാന സർവ്വീസിലാണോ നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അപേക്ഷകർക്ക് എത്രയുംവേഗം നിയമനം ലഭിക്കുവാൻ ആവശ്യമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുമോ?

ഉത്തരം

(എ) സൈനിക സേവനത്തിലിരിക്കെ യുദ്ധത്തിലോ യുദ്ധസമാന സാഹചര്യത്തിലോ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ നിയമനം നൽകുവാനുള്ള 9 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ 36 അപേക്ഷകൾ സൈനികക്ഷേമ വകുപ്പിലും ലഭിച്ചിട്ടുണ്ട്.

(ബി) ഗവണ്മന്റിൽ ലഭിച്ച അപേക്ഷകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇല്ല. സർക്കാരിന് ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്.

(ഡി) യുദ്ധത്തിലോ സമാനസാഹചര്യത്തിലോ കൊല്ലപ്പെടുന്ന സൈനികന്റെ രണ്ട് ആശ്രിതർക്ക് കേന്ദ്രസർവ്വീസിലും ഒരാൾക്ക് സംസ്ഥാന സർവ്വീസിലും ജോലി ലഭിക്കും. മരണം യുദ്ധത്തിലോ യുദ്ധസമാനസാഹചര്യത്തിലോ അല്ലെങ്കിൽ സംസ്ഥാന സർവ്വീസിൽ ജോലിക്ക് അർഹതയില്ല.

(ഇ) കാലതാമസം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യാറുണ്ട്.

20 (2205) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly